**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6157</u>** **<u>09-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>റിസർവ് ബാങ്ക് കേരള ബാങ്കിന് ചുമത്തിയ പിഴ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | റിസർവ് ബാങ്ക് കേരള ബാങ്കിനോട് നാളിതുവരെ എത്ര രൂപയാണ് പിഴയായി ഒടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്; ഏതൊക്കെ ഇനങ്ങളിലാണ് പിഴ ഒടുക്കാൻ ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ; | (എ) | റിസർവ് ബാങ്ക് നാളിതുവരെ കേരള ബാങ്കിൽ നിന്നും വിവിധ ഇനങ്ങളിലായി പിഴയായി ഈടാക്കിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ സെക്ഷൻ 19 ന് വിരുദ്ധമായി മറ്റ് സഹകരണ സംഘങ്ങളിലെ ഓഹരികൾ കൈവശം വച്ചതിന് 25 ലക്ഷം രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.<br><br>ഗോൾഡ് ലോൺ ബുള്ളറ്റ് പേയ്മെന്റുമായി ബന്ധപ്പെട്ട് 23 ലക്ഷം രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്<br><br>നാളിതുവരെ ആകെ 48 ലക്ഷം രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. |
| (ബി) | റിസർവ് ബാങ്ക് കേരള ബാങ്കിനെ സി ഗ്രേഡിലേക്ക് തരംതാഴ്ത്തുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | റിസർവ് ബാങ്ക് കേരള ബാങ്കിനെ 'സി' ഗ്രേഡിലേക്ക് തരം താഴ്ത്തിയിട്ടില്ല. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഗ്രേഡിംഗ്, സൂപ്പർവൈസർ എന്ന നിലയിൽ നബാർഡാണ് നടത്തുന്നത്. നബാർഡിന്റെ സ്റ്റാറ്റ്യൂട്ടറി ഇൻസ്പെക്ഷൻ ക്രൈറ്റീരിയ അനുസരിച്ച് 2022-23 സാമ്പത്തിക വർഷം നടത്തിയ പരിശോധനയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണ് കേരള ബാങ്കിന് ‘സി’ ഗ്രേഡ് ലഭിച്ചിട്ടുള്ളത്. |
| (സി) | ഈ വിഷയത്തിൽ റിസർവ് ബാങ്ക് എന്തെങ്കിലും മുന്നറിയിപ്പുകൾ നൽകിയിരുന്നുവെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | ഈ വിഷയത്തിൽ റിസർവ് ബാങ്ക് യാതൊരു മുന്നറിയിപ്പും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ